മാതൃഭൂമി

15 December 2016

# ബംഗ്ലാദേശിന് സി.എം.എഫ്.ആർ.ഐ.യുടെ സാങ്കേതിക സഹായം

**കൊച്ചി:** ബംഗ്ലാദേശ് മത്സ്യമേഖലയ്ക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) സാങ്കേതിക സഹായം. മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗത്തിന് ആവശ്യമായ മാനവ വിഭവശേഷി വികസിപ്പിക്കാനാണ് സി.എം.എഫ്.ആർ.ഐ. ബംഗ്ലാദേശിലെ ഫിഷറീസ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിജ്ഞാനം നൽകിയത്.

ഫിഷറീസ് മേഖലയിൽ പരസ്പര സഹകരണത്തിനായുണ്ടാക്കിയ ഇന്ത്യ-ബംഗ്ലാദേശ് സംയുക്ത പ്രവർത്തന സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണിത്. ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷനുമായി (ബിഒബിപി-ഐജിഒ) സഹകരിച്ച് സി.എം.എഫ്.ആർ.ഐ. 12 ബംഗ്ലാദേശ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകി.

ഫിഷിംഗ് വെസ്സലിൽ ഉദ്യോഗസ്ഥർക്ക് മത്സ്യബന്ധന പരിചയവും നൽകിയെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.